REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണൈ-സിംഗപ്പൂർ സന്ദർശനം ഇന്ന് ആരംഭിക്കും.**
- **കേന്ദ്രഗവൺമെന്റ് ഇരുപത്തിമൂന്നാം ലോ കമ്മീഷൻ രൂപീകരണം വിജ്ഞാപനം ചെയ്തു.**
- **പൊലീസിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ ഉയർന്ന ആരോപണങ്ങൾ അന്വേഷിക്കാൻ ഉന്നതതലസംഘം രൂപീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി.**
- **കേരളത്തിലെ കാർഷിക മേഖലയിൽ 2,390 കോടിയുടെ ലോകബാങ്ക് പദ്ധതിയ്ക്ക് ഈ വർഷം തുടക്കം കുറിക്കുമെന്ന് മന്ത്രി P പ്രസാദ്.**
- **പാരിസ് പാരാലിമ്പിക്സിന്റെ അഞ്ചാം ദിനം ഇന്ത്യ മൂന്നാം സ്വർണ്ണം നേടി.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണൈ-സിംഗപ്പൂർ സന്ദർശനം ഇന്ന് ആരംഭിക്കും. ബ്രൂണൈ സുൽത്താൻ ഹാജി ഹസ്സനൽ ബോൾക്കിയ യുടെ ക്ഷണപ്രകാരമാണ് ഇന്നും നാളെയും പ്രധാനമന്ത്രിയുടെ ബ്രൂണൈ സന്ദർശനം. ബ്രൂണൈയിൽ എത്തുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി. ഇന്ത്യ-ബ്രൂണൈ നയതന്ത്രബന്ധങ്ങൾക്ക് 40 വർഷം പൂർത്തിയാവുന്ന അവസരത്തിലാണ് പ്രധാനമന്ത്രിയുടെ സന്ദർശനം.

നിരവധി ഉഭയകക്ഷി വിഷയങ്ങൾ ബ്രൂണെ സുൽത്താനുമായും നേതാക്കാളുമായും പ്രധാനമന്ത്രി ചർച്ച ചെയ്യും. രാജ്യ രക്ഷാ, വ്യാപാരം, നിക്ഷേപം, ഊർജ്ജം, ബഹിരാകാശ ശാസ്ത്രം എന്നിവയടക്കം ഒട്ടേറെ മേഖലകളിൽ ഇന്ത്യയും ബ്രൂണെയും സഹകരിക്കുന്നുണ്ട്. ഡോക്ടർമാരും അധ്യാപകരുമടക്കം പതിനാലായിരത്തോളം ഇന്ത്യക്കാർ ബ്രൂണെയിലുണ്ട്.

സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നാളെയും മറ്റന്നാളും നരേന്ദ്രമോദി സിംഗപ്പൂരിലെത്തും. പ്രധാനമന്ത്രി ലോറൻസ് വോംഗിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. ഇന്ത്യ-സിംഗപ്പൂർ തന്ത്രപരപങ്കാളിത്തത്തിലെ പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്യും. ആഗോള-പ്രാദേശിക വിഷയങ്ങളും ചർച്ചയാകും.

✪✪✪

കേന്ദ്രഗവൺമെന്റ് ഇരുപത്തിമൂന്നാം ലോ കമ്മീഷൻ രൂപീകരണം വിജ്ഞാപനം ചെയ്തു. 2027 ഓഗസ്റ്റ് 31 വരെയാണ് കമ്മീഷന്റെ കാലപരിധി. മുഴുവൻ സമയചെയർപേഴ്സണു പുറമെ മൂന്ന് മുഴുവൻ സമയഅംഗങ്ങളും കമ്മീഷനിലുണ്ടാവും. ഇതിനുപുറമെ അഞ്ച് പാർട് ടൈം മെമ്പർമാരും കമ്മീഷനിൽ ഉൾപ്പെടും. നിയമകാര്യ വകുപ്പ് സെക്രട്ടറിയും നിയമനിർമ്മാണവകുപ്പ് സെക്രട്ടറിയും കമ്മീഷനിലെ ഔദ്യോഗിക അംഗങ്ങളാണ്.

സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലേയും ജഡ്ജിമാരാണ് കമ്മീഷൻ ചെയർമാനും അംഗങ്ങളും. വിരമിക്കുന്നത് വരേയോ കമ്മീഷൻ കാലാവധി തീരുന്നത് വരേയോ ആയിരിക്കും അവരുടെ സേവനകാലാവധി.

✪✪✪

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, I I T യുടെ ആദ്യ അന്താരാഷ്ട്ര ക്യാമ്പസ് അബുദാബി കിരീട അവകാശി ഷെയ്ഖ് ഖാലിദ് ബിൻ മൊഹമ്മദ് ബിൻ സെയ്ദ് അൽ നഹിയാൻ അബുദാബിയിൽ ഉദ്ഘാടനം ചെയ്തു.ഇന്ത്യയുടെ അന്താരാഷ്ട്ര എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ അഭിമാനകരമായ ചരിത്രനിമിഷമായാണ് ഉദ്ഘാടനത്തെ വിലയിരുത്തുന്നത്. അമ്പത്തിരണ്ട് വിദ്യാർത്ഥികളടങ്ങിയ ആദ്യ ബാച്ചിനെ ചടങ്ങിൽ സ്വാഗതം ചെയ്തു.2022 ഫെബ്രുവരിയിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു എ ഇ പ്രസിഡണ്ടും ചേർന്ന് പുറത്തിറക്കിയ വിഷൻ ഡോക്യുമെന്റിന്റെ ഭാഗമായാണ് I I T യാഥാർഥ്യമായത്.

✪✪✪

രാജ്യത്തെ വിനോദ സഞ്ചാര രംഗത്തെ വളർച്ചയ്ക്കും വികസനത്തിനുമായി കേന്ദ്രവും സംസ്ഥാനങ്ങളും കൂടുതൽ സഹകരിച്ചു പ്രവർത്തിക്കണമെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്രസിംഗ് ശെഖാവത്ത് പറഞ്ഞു. മേഘാലയിലെ ഷില്ലോങ്ങിൽ സംസ്ഥാന ടൂറിസം മന്ത്രിമാരുടെ ദേശീയ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹംആഗോള തലത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം,മാർക്കറ്റിങ് ,സുരക്ഷ,ശുചിത്വം ഗതാഗത ബന്ധം ,ഈ രംഗത്തെ ബിസ്സിനസ്സ് മെച്ചപ്പെടുത്തൽ എന്നിവയിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിച്ചതായി ഗജേന്ദ്ര സിംഗ് ശെഖാവത്ത് അറിയിച്ചു.ടൂറിസം മേഖലയിൽ കൂടുതൽ പൊതു സ്വകാര്യ പങ്കാളിത്തം കേന്ദ്ര ഗവണ്മെന്റ് പ്രതീക്ഷിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

✪✪✪

രാജ്യത്തെ നൂറ് ടോൾ പ്ലാസകളിൽ GIS അധിഷ്ഠിത സോഫ്റ്റ് വെയർ ഏർപ്പെടുത്താൻ ദേശീയപാത അതോറിറ്റി തീരുമാനിച്ചു. ടോൾ പ്ലാസകളിൽ നിർത്താതെ തന്നെ ടോൾ നൽകാൻ അവസരമൊരുക്കുന്ന ആധുനിക സംവിധാനമാണിത്. ഇതുവഴി യാത്രക്കാരുടെ അനാവശ്യ സമയനഷ്ടമൊഴിവാക്കാൻ കഴിയും. ഏറ്റവും കൂടുതൽയാത്രാതിരക്ക് അനുഭവപ്പെടുന്ന ടോൾ പ്ലാസകൾക്ക് പകരമാണ് പുതിയ സംവിധാനം. ഘട്ടങ്ങളായി മറ്റിടങ്ങളിലേക്കും ഇത് വ്യാപിപ്പിക്കും.

✪✪✪

പൊലീസിലെ ഉന്നത ഉദ്യോഗസ്ഥരടക്കം ചിലർക്കെതിരെ ഉയർന്ന ആരോപണങ്ങൾ അന്വേഷിക്കാൻ ഉന്നതതലസംഘം രൂപീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി.

DGP ഷെയ്ക് ദർവേഷ് സാഹിബ്, സൗത്ത് സോൺ IG സ്പർജൻ കുമാർ, തൃശ്ശൂർ റേഞ്ച് DIG തോംസൺ ജോസ്, തിരുവനന്തപുരം ക്രൈംബ്രാഞ്ച് SP S. മധുസൂദനൻ, തിരുവനന്തപുരം SSB - SP A ഷാനവാസ് എന്നിവരടങ്ങുന്ന സംഘമാണ് രൂപീകരിക്കുന്നത്.

ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിച്ച പരാതികളിലും ആരോപണങ്ങളിലും സംഘം അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശം നൽകി.

✪✪✪

ഫോൺ ചോർത്തൽ വിവാദത്തിൽ ഉൾപെട്ട പത്തനംതിട്ട SP സുജിത് ദാസിനെ പദവിയിൽ നിന്നും മാറ്റി സംസ്ഥാന ഗവണ്മെന്റ് ഉത്തരവിറക്കി. അദ്ദേഹത്തിന് പകരം ചുമതല നൽകിയിട്ടില്ല. സുജിത് ദാസിനോട് DGP ക്കു മുന്നിൽ

ഹാജരാകാനാണ് നിർദ്ദേശം നൽകിയത്. തിരുവനന്തപുരത്തെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷനിലെ VG വിനോദ് കുമാറാണ് പത്തനംതിട്ടയിലെ പുതിയ SP .

✪✪✪

ആരോപണവിധേയനായ നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. പീഡനആരോപണത്തിൽ ഗൂഢാലോചനയുണ്ടെന്നും കേസ് നിലനിൽക്കില്ലെന്ന് ബോധ്യമായപ്പോഴാണ് പുതിയ ആരോപണം എന്നാണ് സിദ്ധിഖിന്റെ വാദം.

മുകേഷ് MLA യുടെ മുൻകൂർ ജാമ്യാപേക്ഷ എറണാകുളം സെഷൻസ് കോടതി ഇന്ന് പരിഗണിക്കും. ഹേമാ കമ്മറ്റി റിപ്പോർട്ടിലെ അന്വേഷണം CBI ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് അഭിഭാഷകർ ഹൈക്കോടതിയിൽ നൽകിയ ഹർജിയും ഇന്ന് പരിഗണിക്കും.

✪✪✪

സംസ്ഥാനത്തെ BJP മെമ്പർഷിപ്പ് ക്യാമ്പയിൻ രാവിലെ തിരുവനന്തപുരത്ത് സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. പട്ടം മണ്ഡലത്തിലെ കുറവൻകോണം വാർഡിലാണ് സുരേന്ദ്രന് ക്യാമ്പയിന് ഇറങ്ങുന്നത്.

✪✪✪

കേരളത്തിലെ കാർഷികമേഖലയിൽ 2390 കോടിയുടെ ലോകബാങ്ക് പദ്ധതിയ്ക്ക് ഈ വർഷം തുടക്കം കുറിക്കുമെന്ന് മന്ത്രി P പ്രസാദ് കാസർകോട്ട് പറഞ്ഞു. ഇതിൽ 1680 കോടി രൂപ ലോകബാങ്ക് സഹായമായിരിക്കും- ബാക്കി തുക സംസ്ഥാന വിഹിതവും. മുളിയാറിൽ കേരള പ്ലാന്റേഷൻകോർപറേഷന്റെ കാസർകോട് കാഷ്യു എസ്റ്റേറ്റിൽ കശുമാങ്ങ പഴച്ചാർ സംസ്കരണ ഫാക്ടറി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് ഇന്ന് മൂന്ന് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിലാണ് ജാഗ്രതാ മുന്നറിയിപ്പ്.

✪✪✪

കാലാവസ്ഥാമാറ്റങ്ങളെ നേരിടാൻ നാളികേര കേന്ദ്രീകൃത കൃഷി രീതികൾ അനിവാര്യമാണെന്ന് മന്ത്രി P പ്രസാദ് പറഞ്ഞു. കാസർകോട് CPCRI -ൽ ലോക നാളികേര ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

വനിതകൾക്ക് സുരക്ഷിതമായും ആരോഗ്യകരമായും ജോലി ചെയ്യാൻ സാഹചര്യം ഉണ്ടാകണമെന്ന് മന്ത്രി വീണ ജോർജ് ആവശ്യപ്പെട്ടു.

കോഴിക്കോട് കലക്ടറേറ്റിൽ നിർമിച്ച വനിത ശിശു വികസന വകുപ്പ് ഓഫീസ് സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചടങ്ങിൽ പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന് മന്ത്രി തറക്കല്ലിടുകയും ചെയ്തു.

✪✪✪

പൊതുമരാമത്ത് റോഡുകളെ ഏറ്റവും മികച്ചതാക്കാൻ പുതിയ നിർമാണ രീതികൾ പരമാവധി സ്വീകരിക്കുന്നുണ്ടെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് കോഴിക്കോട്ട് പറഞ്ഞു. വെങ്ങളം - കാപ്പാട് റോഡ് നവീകരണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദേശീയ പാതയിൽ നിന്നും റെയിൽവേ ഗേറ്റില്ലാതെ കാപ്പാട് ബീച്ചിലേക്ക് എത്താവുന്ന റോഡ് നവീകരണം വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കും ഏറെ സൗകര്യപ്രദമാവുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

വിലങ്ങാട് ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് ബാങ്ക് വായ്പകൾ തിരിച്ചടക്കാൻ നിശ്ചിത കാലത്തേക്ക് സാവകാശം നൽകാൻ ബാങ്ക് ഉദ്യോഗസ്ഥതല യോഗത്തിൽ തീരുമാനമായി. കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിലായിരുന്നു യോഗം.

കൃഷി പൂർണമായും നശിച്ച കർഷകർക്ക് കാർഷിക വായ്പകൾക്ക് അഞ്ച് വർഷത്തേക്കും മറ്റ് വായ്പകൾക്ക് ഒരു വർഷത്തേക്കുമായിരിക്കും മൊറട്ടോറിയം.

✪✪✪

പാരിസ് പാരാലിമ്പിക്സിന്റെ അഞ്ചാം ദിനം ഇന്ത്യ മൂന്നാമത്തെ സ്വർണ്ണം നേടി. പുരുഷന്മാരുടെ ജാവലിൻ ത്രോയിലാണ് റെക്കോർഡോടെ സുമിത് ആന്റിൽ സ്വർണ്ണം സ്വന്തമാക്കിയത്. രണ്ടാം ശ്രമത്തിൽ 70.59 മീറ്റർ എറിഞ്ഞാണ് സുമിത് റെക്കോർഡിട്ടത്.

ഡെസ്ക് റിപ്പോർട്ട്.

......(വോയ്സ്)......

✪✪✪

നേരത്തെ പാരാ ബാഡ്മിന്റണിൽ പുരുഷന്മാരുടെ സിംഗിൾസ് SL-3 ഇനത്തിൽ, നിതേഷ് കുമാറും സ്വർണ്ണം നേടിയിരുന്നു. SL-4 ഇനത്തിൽ സുഹാസ് യതിരാജ് വെള്ളിയും നേടി.

വനിതാ സിംഗിൾസ് SU-5 ൽ ബാഡ്മിന്റൺ താരം തുളസീമതി മുരുകേശൻ വെള്ളിയും ഇതേഇനത്തിൽ  മനീഷ രാമദാസ് വെങ്കലവും കരസ്ഥമാക്കി. വനിതകളുടെ SH-6 വിഭാഗത്തിൽ നിത്യ ശ്രീ ശിവനും വെങ്കലം നേടി. പാരാ ആർച്ചറി മിക്സഡ് ടീം കോമ്പൗണ്ട് ഇനത്തിൽ രാകേഷ് കുമാറും ശീതൾ ദേവിയുമാണ് വെങ്കലം സ്വന്തമാക്കിയത്.

പുരുഷന്മാരുടെ ഡിസ്കസ് ത്രോ F-56 ൽ യോഗേഷ് കത്തൂനിയ വെള്ളി മെഡൽ കരസ്ഥമാക്കി.

മൂന്ന് സ്വർണവും അഞ്ച് വെള്ളിയും ഏഴ് വെങ്കലവും ഉൾപ്പെടെ ഇന്ത്യ ഇതുവരെ 15 മെഡലുകൾ സ്വന്തമാക്കിയിട്ടുണ്ട്.

പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ സ്വർണ്ണം നേടിയ സുമിത് ആന്റിലിനെ രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗദീപ് ധൻകറും പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിനന്ദിച്ചു.

✪✪✪

തിരുവനന്തപുരത്ത് കേരളാ ക്രിക്കറ്റ് ലീഗിലെ ആദ്യദിവസത്തെ രണ്ടാം മത്സരത്തിൽ ട്രിവാൻഡ്രം റോയൽസിന് വിജയം. മഴ രണ്ടുതവണ തടസപ്പെടുത്തിയ മത്സരത്തിൽ V ജയദേവൻ മെത്തേഡ്  പ്രകാരം കൊച്ചിൻ ടൈഗേഴ്സിനെയാണ് ട്രിവാൻഡ്രം തോൽപ്പിച്ചത്.

ഇന്നലെ ആദ്യമത്സരത്തിൽ ആലപ്പി റിപ്പിൾസ് വിജയിച്ചിരുന്നു. തൃശ്ശൂർ ടൈറ്റൻസിനെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

കെട്ടിടനിർമ്മാണം സംബന്ധിച്ച നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെങ്കിൽ, പ്ലോട്ട് ഏരിയയിൽ കുറവോ കൂടുതലോ വന്നു എന്ന കാരണത്താൽ പെർമിറ്റ് റദ്ദാക്കുന്ന ചട്ടത്തിൽ ഇളവ് വരുത്തുമെന്ന് മന്ത്രി MB രാജേഷ്  അറിയിച്ചു.

സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്ക് സ്കൂളിലെ ഉപയോഗത്തിന് ഡയപ്പർ വാങ്ങാൻ, കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ ധനസഹായം നൽകാൻ തദ്ദേശ സ്ഥാപനത്തിന് അനുമതി കൊടുക്കുമെന്നും മന്ത്രി അറിയിച്ചു.

കണ്ണൂരിൽ തദ്ദേശ അദാലത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. 1256 പരാതികൾ അദാലത്തിൽ തീർപ്പാക്കി. 1,553 പരാതികളാണ് ലഭിച്ചിരുന്നത്.

✪✪✪

കോഴിക്കോട് പുറക്കാട്ടിരി AC ഷണ്മുഖദാസ് മെമ്മോറിയൽ ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് നിർമ്മിക്കുന്ന വയോജന പാർക്കിൽ നക്ഷത്ര വനവും ശലഭോദ്യാനവും നിർമ്മിച്ച് നൽകുമെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. വയോജന പാർക്കിന്റെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കാസർകോട് ജില്ലാ തദ്ദേശ അദാലത്ത് രാവിലെ മുനിസിപ്പൽ ടൗൺഹാളിൽ ആരംഭിക്കും. മന്ത്രി MB രാജേഷിന്റെ നേതൃത്വത്തിലാണ് അദാലത്ത്.

✪✪✪

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാരംഗം സംസ്ഥാനതല അധ്യാപക കലാസാഹിത്യ മത്സരത്തിലെ കഥാവിഭാഗത്തിൽ ഫറൂഖ് നല്ലൂർ നാരായണ LP ബേസിക് സ്കൂളിലെ അധ്യാപിക P ശുഹൈബ ഒന്നാം സ്ഥാനം നേടി.

മറ്റന്നാൾ പത്തനംതിട്ടയിൽ അധ്യാപക ദിനാഘോഷ പരിപാടിയിൽ അവർ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ഏറ്റുവാങ്ങും.

✪✪✪